# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN: U40100KL2011SGC027424

രജി : ഓഫീസ്- വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004 Website: www.kseb.in

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004

ഫോൺ (O):+91 471 2514522 E-mail: dgekseb@kseb.in


## സംഗ്രഹം

ഇടുക്കി പവർ ഹൌസിലെ എല്ലാ ജനറേറ്ററുകളും 12-08-2021-ന വൈകിട്ട് 7.28 മണിക്ക് ട്രിപ്പായത് സംബന്ധിച്ച് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട്.–സർക്കുലർ – അംഗീകാരം നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

### കോർപ്പറേറ്റ് ഓഫീസ് (എസ്.ബി.യു-ജി/ഇ)

ബി.ഓ. (എഫ്.ടി.ഡി.)നം. 680 /2021 (ഡി.ജി.ഇ./ജി3/ജനറൽ /2021-22) തിരുവനന്തപുരം/ 55 തീയതി: 18 -09-2021

പരാമർശം:-

1. ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ & എസ്.സി.എം.) സമർപ്പിച്ചിരുന്ന 17-08-2021- ലെ കുറിപ്പ് അതിൽ ഉള്ളടക്കം ചെയ്തിരുന്ന ശുപാർശകളും അതിന്മേൽ ലഭിച്ച നിർദ്ദേശവും.
2. ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ &എസ്.സി.എം.) തീയതി 27-08-2021 തീയതിയിൽ നം. എഫ്.ടി.ഡി മുൻപാകെ സമർപ്പിച്ച ഡി.ജി.ഇ./ജി3/ജനറൽ /2021-22 നമ്പർ കുറിപ്പ് (അജണ്ട 38/9/21).

## ഉത്തരവ്

780 MW സ്ഥാപിത ശേഷിയുള്ള ഇടുക്കി പവർ ഹൌസിൽ 12.08.2021-ന് വൈകിട്ട് പീക്ക് സമയത്തുണ്ടായ ട്രിപ്പിംഗ് മൂലം 780MW-ന്റെ കുറവ് ഗ്രിഡിൽ വരുകയും ഭാഗികമായി ഒരു മണിക്കൂർ സമയം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയും പുറത്തു നിന്നും 0.6625 മില്യൻ യൂണിറ്റ് വൈദ്യുതി വാങ്ങുകയും ചെയ്തു. കംട്രോൾ & പ്രൊട്ടക്ഷൻ സിസ്റ്റം നിലനിർത്തുന്ന DC വൈദ്യുതി നൽകുന്ന ഇൻകമർ ട്രിപ്പായതാണ ജനറേറ്ററുകൾ ട്രിപ്പാകാൻ കാരണം എന്നതാണ് പ്രാഥമികമായ കണ്ടെത്തൽ .

DC വൈദ്യുതി നൽകിയിരുന്ന ഇൻകമർ ട്രിപ്പാകാൻ കാരണം, 12.08.2021-ൽ പുതിയതായി സ്ഥാപിച്ച 150 ആമ്പിയർ ശേഷിയുള്ള ബാറ്ററി ചാർജർ ഈ സമയംസിച്ച് ഓൺ ചെയ്ത് നിലവിൽ DC വൈദ്യുതി നൽകിയിരുന്ന സിസ്റ്റവുമായി ബന്ധിപ്പിച്ചതാണ് . തത്സമയം DC ഇൻകമർ ട്രിപ്പാകുകയും തുടർന്ന് ജനറേറ്ററുകൾ ട്രിപ്പാകുകയുമാണുണ്ടായത്.

മേൽ സാഹചര്യത്തിൽ എല്ലാ ജനറേറ്റിംഗ് സ്റ്റേഷനുകളിലും പൊതുവായി പാലിക്കേണ്ട കാര്യങ്ങൾ പ്രതിപാദിക്കുന്ന സർക്കുലർ അനുബന്ധമായി ചേർത്തു കൊണ്ട് മുഴുവൻ സമയ ഡയറക്ടർമാരുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.. 10-09-2021 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ മീറ്റിംഗിൽ മേൽ വിഷയം വിശദമായി ചർച്ച ചെയ്യുകയും , കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ അധീനതയിലുള്ള വൈദ്യുതോൽപാദന നിലയങ്ങളിൽ പാലിക്കേണ്ട, കാര്യങ്ങൾ പ്രതിപാദിച്ചു കൊണ്ട് അനുബന്ധമായി ചേർത്തിട്ടുള്ള സർക്കുലർ അംഗീകരിക്കുവാൻ തീരുമാനിച്ചു .

മേൽ തീരുമാനങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻ സമയം ഡയറക്ടർ മാരുടെ ഉത്തരവ് പ്രകാരം,,

ഒപ്പ്/-

**(ലേഖ .ജി )**

കമ്പനി സെക്രട്ടറി

(ഇൻ -ചാർജ് .)

സ്വീകർത്താവ്:-

1. ചീഫ് എൻജിനീയർ (എച്ച്.ആർ.എം.)-(for implementation)
2. ചീഫ് എൻജിനീയർ (ജനറേഷൻ & പി.ഇ.ഡി.),മൂലമറ്റം.

പകർപ്പ് :-

1. ചീഫ് ഇന്റേണൽ ആഡിറ്റർ
2. കമ്പനി സെക്രട്ടറി (ഇൻ -ചാർജ് .)
3. ചെയർമാൻ& മാനേജിംഗ് ഡയറക്ടർ / ഡയറക്ടർ (ജി-ഇ.)/ ഡയറക്ടർ(ടി.എസ്.ഓ.)/ ഡയറക്ടർ (ഡി.,ഐ.ടി.& സി.എ.പി.എസ്..)/ ഡയറക്ടർ(ജി-സി)/ ഡയറക്ടർ(പി, എസ്& എസ്.സി.എം.)/ ഡയറക്ടർ (ആർ.ഇ.ഇ.എസ്.,സൌര,സ്പോർട്സ് & വെൽഫെയർ )എന്നിവരുടെ ടെക്ക്നിക്കൽ അസിസ്റ്റന്റ് മാർ
4. സ്റ്റോക്ക് ഫയൽ

അജ്ഞാനുസരണം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

അനുബന്ധം

## സർക്കുലർ

1. വൈകുന്നേരങ്ങളിൽ ജനറേറ്ററുകൾ പ്രവർത്തിക്കുന്നസമയം ഉത്പ്പാദന നിലയങ്ങളിൽ അടിയന്തിര സാഹചര്യമല്ലാത്ത വർക്കുകളൊന്നും തന്നെ ചെയ്യാൻ പാടില്ല.
2. വർക്ക് ഓതറൈസേഷൻ നൽകുമ്പോൾ വർക്ക് ചെയ്യാൻ വേണ്ട സമയം, വർക്കിന്റെ വിശദാംശം ഇവ വ്യക്തമായി വർക്ക് ഓതറൈസേഷനിൽ വേണം.
3. വർക്ക് ഓതറൈസേഷൻ നൽകുമ്പോൾ ടി വർക്ക് തീരുന്ന സമയം കൃത്യമായി കാണിച്ചിരിക്കണം.
4. നൽകുന്ന സമയം അധികരിക്കേണ്ടതായി വന്നാൽ അനുമതിനൽകിയ ഉദ്യോഗസ്ഥന്റെ മേലധികാരിയുടെ അനുമതി വാങ്ങണം.
5. ഇടുക്കി രണ്ടാം ഘട്ട ജനറേറ്ററുകളുടെ R&M പ്രവർത്തികൾ വരും വർഷങ്ങളിൽ നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നതിനാൽ അതു കൂടി കണ്ടു കൊണ്ട് വിശദമായ പഠനത്തിനു വിധേയമായി DC ബാറ്ററി ചാർജറും അനുബന്ധ സിസ്റ്റവും തയ്യാറാക്കണം.
6. ഉത്പാദന നിലയങ്ങളിലെ ഓപറേറ്റിങ്ങ് സ്റ്റാഫ് ഡ്യൂട്ടി സമയത്ത് അനുവർത്തിക്കേണ്ട ഇൻസ്പെക്ഷൻ, ഷെഡ്യൂൾ പ്രകാരം ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
7. ഉത്പാദന നിലയങ്ങളിൽ ജനറേറ്ററുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും പ്രിവന്റീവ് മെയിന്റെനൻസ് ഷെഡ്യൂൾ പ്രകാരം കൃത്യമായി നടത്തേണ്ടതാണ്.
8. ഉത്പാദന നിലയങ്ങളിൽ ഡെയിലി ഇൻസ്പെക്ഷൻ നടത്തുമ്പോൾ ശ്രദ്ധയിൽപ്പെടുന്ന അലാറം ,ഇൻഡിക്കേഷൻ തുടങ്ങിയ അസാധാരണമായ കാര്യങ്ങൾ അവഗണിക്കാതെ, ഉടനെ തന്നെ അതതു മെയിൻന്റെനൻസ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.
9. DC ബാറ്ററി സിസ്റ്റം, ചാർജർ ,മറ്റു അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവയുടെ ഹെൽത്ത് ചെക്ക് കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതാണ്.
10. കണ്ട്രോൾ റൂം ,ബാറ്ററി റൂം , മറ്റു അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന മുറികൾ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
11. നിലയങ്ങളിൽ ഫയർ സിസ്റ്റത്തിന്റെ കാര്യക്ഷമത കൃത്യമായ ഇടവേളകളിൽ സേഫ്റ്റി ഓഫിസർ, ചീഫ് സേഫ്റ്റി ഓഫീസർ എന്നിവർ ഉറപ്പു വരുത്തേണ്ടതാണ് .
12. നിലയങ്ങളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള റിലേ & പ്രൊട്ടക്ഷൻ സിസ്റ്റം, എമർജൻസി സ്വിച്ച് അവയുടെ DC സിസ്റ്റം എന്നിവ പൂർണ്ണമായും പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പാക്കേണ്ടതാണ്.
13. എല്ലാ നിലയങ്ങളിലും ഓപറേഷൻ രജിസ്റ്റർ , മെയിന്റെനൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.പ്രസ്തുത കാര്യം ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
14. നിലയത്തിൽ നടക്കുന്ന അറ്റകുറ്റപ്പണികൾ സംബന്ധിച്ചുള്ള വിവരങ്ങൾ കണ്ട്രോൾ റൂമിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.
15. പീക്ക്/ജനറേറ്റർ ഫുൾ ലോഡ് –ൽ പ്രവർത്തിക്കുന്ന സമയങ്ങളിൽ ഓപ്പറേറ്റർ ,ജൂനിയർ ഓപ്പറേറ്റർ,ഷിഫ്റ്റ് അസിസ്റ്റന്റ് തുടങ്ങിയവർ പരിപൂർണ്ണ ജാഗ്രതയോടെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉണ്ടാകേണ്ടതാണ്.
16. ശബ്ദം /ചലനം/ഗന്ധം ഇവയിൽ എന്തെങ്കിലും മാറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അവ പരിശോധിച്ച് കാരണം മനസ്സിലാക്കുകയും ,വിവരം, രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ,ഒപ്പം സ്റ്റേഷൻ ഹൗസ് ഓഫീസറെ നേരിട്ട് അറിയിക്കുകയും ചെയ്യേണ്ടതാണ്.
17. വാൽവ്ഹൗസ് ഓപ്പറേറ്റർ ലഭ്യമാക്കുന്ന വിവരങ്ങൾ ശരിയാണെന്നും , ഓപ്പറേറ്റർ പ്രസ്തുത സ്ഥലത്ത് തന്നെ ഡ്യൂട്ടിയിൽ ഉണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
18. ഡാം ലവൽ ലഭ്യമാകുന്ന സ്ഥലങ്ങളിൽ ടി ഓപ്പറേറ്റർ സ്ഥലത്ത് തന്നെ ഉണ്ട് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്
19. ഇടവേളകളിൽ പെൻസ്റ്റോക്ക് ലീക്ക് ഉണ്ടോ എന്ന് നിരീക്ഷിക്കുകയും , ലീക്ക് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
20. പീക്ക് സമയങ്ങളിൽ സ്റ്റേഷൻ AE,AEE,EE,DCE എന്നിവർ നിലയവുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ അവലോകനം ചെയ്യേണ്ടതാണ്.
21. അടിയന്തിര സാഹചര്യം ഉണ്ടായാൽ സ്റ്റേഷൻ AE,AEE,EE,DCE എന്നിവർ താമസംവിനാ പവർ ഹൗസിൽ എത്തേണ്ടതാണ്.
22. എല്ലാ നിലയങ്ങളിലും First Aid Box സജ്ജീകരിച്ചിരിക്കേണ്ടതും , Stretcher, Ambulance തുടങ്ങിയവ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
23. പവർ ഹൗസ് സന്ദർശിക്കുവാൻ പാസ്സുമായി വരുന്ന സന്ദർശകരെ പ്രധാന കവാടത്തിൽ പരിശോധന നടത്തി വേണം പവർ ഹൗസിൽ പ്രവേശിപ്പിക്കേണ്ടത്.പാസ്സില്ലാതെ പ്രവേശനം അനുവദിക്കുവാൻ പാടുള്ളതല്ല .
24. AE,AEE, EE,DCE എന്നിവർ മാസത്തിൽ രണ്ട് തവണ അതതു നിലയങ്ങളിൽ രാത്രിയിൽ പരോധന നടത്തേണ്ടതാണ്.
25. നിലയത്തിൽ AC സപ്ലൈ ഫെയിൽ ആകുന്ന അവസരത്തിൽ സ്റ്റാൻഡ് ബൈ AC സപ്ലൈ എടുക്കുന്നതിനും, അതും ഫെയിൽ ആയാൽ ജനറേറ്റർ AC സപ്ലൈ എടുക്കുന്നതിനും ,അതും ഫെയിൽ ആയാൽ ഉപയോഗിക്കുന്നതിനായി പോർട്ടബിൾ എമർജൻസിലാമ്പ് എന്നിവയുടെ ലഭ്യത സ്റ്റേഷനിലെ ജൂനിയർ ഓപ്പറേറ്റർ ഉറപ്പു വരുത്തേണ്ടതാണ്.

ഒപ്പ്/-

ഡയറക്ടർ (ജി.ഇ.)